EBIXCASH

എച്ച്.ഡി.എഫ്.സി. ബാങ്ക് എബിക്സ്കാഷ് പ്രീപെയ്ഡ് കാർഡ് ആപ്ലിക്കേഷൻ ഫോം

HDFC BANK
We understand your world

കുറുകെ ഒപ്പിട്ട പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ ഒട്ടിക്കുക

അപേക്ഷകന്റെ പേര്

* പേരിന്റെ ആദ്യഭാഗം ഃ

പേരിന്റെ മധ്യഭാഗംഃ

കുടുംബപ്പേരുഃ

* ജനനത്തീയതിഃ

* മൊബൈൽഃ

* അമ്മയുടെ പേരിന്റെ ആദ്യഭാഗം ഃ

* ലിംഗവിഭാഗംഃ ☐ പുരുഷൻ ☐ സ്ത്രീ ☐ മൂന്നാംലിംഗം

* **മേൽവിലാസം** (മേൽവിലാസത്തിനുള്ള തെളിവിൽ സൂചിപ്പിച്ചിരിക്കുന്ന പോലെ)

* നഗരം/പട്ടണംഃ

* പോസ്റ്റൽ കോഡ്ഃ

* സംസ്ഥാനംഃ

തീയതിഃ

* ശ്രമനമ്പർഃ
(കാർഡിന്റെ പിൻപുറത്ത് സൂചിപ്പിച്ചിരിക്കുന്നു; ഉദാഃ xxxx xxxxഎന്നപോലെ)

ഇറമയിൽ ഐ.ഡിഃ

* രേഖകൾഃ ദയവായി ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കുക

☐ ആധാർ നമ്പർ

☐ പാൻ നമ്പർ
അറല്ലങ്കിൽ ഒ.വി.ഡി.

കുറിപ്പ്ഃ എ.ടി.എം./പി.ഒ.എസ്./ഇന്റർനെറ്റ് പിൻ, സി.സി.വി. തുടങ്ങിയവ ആർക്കും കാണിച്ചുകൊടുക്കുകയോ ആരുമായും പങ്കിടുകയോ ചെയ്യരുതെന്ന് ഉപഭോക്താവിനെ അറിയിക്കുന്നു. എന്ന് കാരണത്താൽ ആയാലും, എച്ച്.ഡി.എഫ്.സി. ബാങ്ക് എബിക്സ്കാഷ് പ്രീപെയ്ഡ് കാർഡിന്റെ ഏതെങ്കിലും തരത്തിലുള്ള കബളിപ്പിക്കലിനോ ദുർവിനിയോഗത്തിനോ എബിക്സ്കാഷോ/എച്ച്.ഡി.എഫ്.സി. ബാങ്ക് ലിമിറ്റഡോ ഒരു ഉത്തരവാദിത്വവും ബാധ്യതയും കൈക്കൊള്ളുന്നതല്ല. ഭാവിയിലുള്ള നിങ്ങളുടെ സംശോധനയ്ക്കായി താങ്കളുടെ അറിയിപ്പുരസീത് സ്വായത്തമാക്കി സൂക്ഷിച്ചുവയ്ക്കുക.

ആധാറിനെ സംബന്ധിക്കുന്ന ഉപഭോക്തൃസമ്മതം

(ഇ–ഓതെന്റിക്കേഷൻ)

എച്ച്.ഡി.എഫ്.സി. ബാങ്ക് ആന്റ് എബിക്സ്കാഷ് ഓപ്പൺ ലൂപ് ജനറൽ പർപ്പോസ് റീലോഡബിൾ (ജി.പി.ആർ.) കാർഡ് നേടുന്നതിന് ഇറ്റ്സ് കാഷ് കാർഡ് പ്രൈവറ്റ് ലിമിറ്റഡിലൂടെ (എബിക്സ്കാഷ്) ആധാർ ഉപയോഗിച്ച് എന്നെ പ്രമാണീകരിക്കുന്നതിന് മുകളിൽ നൽകിയിരിക്കുന്ന ആധാർ നമ്പരിന്റെ ഉടമയായ ഞാൻ ഇതോടൊപ്പം സമ്മതിച്ചുകൊള്ളുന്നു, മാത്രമല്ല യു.ഐ.ഡി.എ.ഐ.–യിൽനിന്ന് ഡമോഗ്രാഫിക് വിശദാംശങ്ങളോടുകൂടെ എന്റെ വ്യക്തിപരമായ വിവരങ്ങൾ നേടിയെടുക്കുവാൻ എന്റെ ആധാറും ബയോമെട്രിക്സുകളും/ഒ.ടി.പി. യും സ്വീകരിക്കുന്നതിന് എന്റെ സമ്മതം നൽകുകയും ചെയ്യുന്നു. നേരത്തേ സൂചിപ്പിച്ചിരിക്കുന്ന ലക്ഷ്യത്തിനുവേണ്ടി എന്റെ ഐഡന്റിറ്റി വിവരങ്ങൾ എബിക്സ്കാഷ് ഉപയോഗിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ ബയോമെട്രിക്സുകളും/ഒ.ടി.പി. യും രഹസ്യ കോഡുകളാക്കിമാറ്റുമെന്നും, സംഭരിക്കുകയോ പങ്കിടുകയോ ചെയ്യുകയില്ലെന്നും, ആ ലക്ഷ്യത്തിനുവേണ്ടി മാത്രമായി യു.ഐ.ഡി.എ.ഐ. യ്ക്ക് (സി.ഐ.ഡി.ആർ.) സമർപ്പിക്കുമെന്നും ഞാൻ മനസ്സിലാക്കിയിരിക്കുന്നു.

(ഫിസിക്കൽ ആധാർ)

ഞാൻ മുകളിൽ നൽകിയിരിക്കുന്ന ആധാർ നമ്പരിന്റെ ഉടമയാണ്. എച്ച്.ഡി.എഫ്.സി. ബാങ്ക് ആന്റ് എബിക്സ്കാഷ് ഓപ്പൺ ലൂപ് ജനറൽ പർപ്പോസ് റീലോഡബിൾ (ജി.പി.ആർ.) കാർഡ് നേടുന്നതിന് അതിന്റെ ഇറ്റ്സ് കാഷ് കാർഡ് പ്രൈവറ്റ് ലിമിറ്റഡിലൂടെ ആധാറിന്റെ ഫിസിക്കൽ കോപ്പി ഉപയോഗിച്ച് എന്നെ പ്രമാണീകരിക്കുന്നതിന് ഇതോടൊപ്പം ഞാൻ സമ്മതിച്ചുകൊള്ളുന്നു. യു.ഐ.ഡി.എ.ഐ. നൽകുന്ന ആധാറിന്റെ ഫിസിക്കൽ കോപ്പി ശേഖരിക്കുന്നതിന് എന്റെ സമ്മതം ഞാൻ നൽകുന്നു. ആധാർ കോപ്പി സമർപ്പിക്കുന്നതിന്റെയും ആപ്ലിക്കേഷൻ ഫോം ഒപ്പുവയ്ക്കുന്നതിന്റെയും ഉദ്ദേശ്യത്തെ ഞാൻ മനസ്സിലാക്കുന്നു. എബിക്സ്കാഷിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന ഉദ്ദേശ്യത്തിനുവേണ്ടി മാത്രമേ എന്റെ ഐഡന്റിറ്റി വിവരങ്ങൾ ഉപയോഗിക്കുകയുള്ളൂ എന്ന എബിക്സ്കാഷ് പ്രഖ്യാപനവും ഞാൻ മനസ്സിലാക്കിയിരിക്കുന്നു.

ഉപഭോക്താവിന്റെ ഒപ്പ്

പ്രഖ്യാപനം

എച്ച്.ഡി.എഫ്.സി. ബാങ്ക് എബിക്സ്കാഷ് പ്രീപെയ്ഡ് കാർഡിനെ സംബന്ധിച്ചുള്ള ഉപാധികളും നിബന്ധനകളും, നിയമങ്ങളും വ്യവസ്ഥകളും, ബാധകമായ മറ്റ് നിയമപരമായ ആവശ്യങ്ങളും ഞാൻ വായിച്ചുനോക്കിയെന്നും, മനസ്സിലാക്കിയെന്നും, കർക്കശമായി പാലിച്ചുകൊള്ളാമെന്നും ഇതോടൊപ്പം സമ്മതിച്ചുകൊള്ളുന്നു. ഈ ബന്ധത്തിൽ ബാധകമായ ഉപാധികളിലെയും വ്യവസ്ഥകളിലെയും ഏതൊരു നവീകരണത്തിലും/മാറ്റങ്ങളിലുമുള്ള പ്രവേശനം ഇറ്റ്സ് കാഷ് കാർഡ് ലിമിറ്റഡിന്റെ വെബ്സൈറ്റിൽമാത്രം പ്രത്യേകിച്ചും www.ebixcash.com–ൽമാത്രം ലഭ്യമാണെന്നും, അത് എനിക്കും ബാധകമായിരിക്കും എന്നും ഞാൻ മനസ്സിലാക്കുന്നു. ഈ അപേക്ഷയോടൊപ്പം (മാത്രമല്ല ഇതോടൊപ്പം സൂചിപ്പിച്ചിരിക്കുകയും നൽകുകയും ചെയ്തിരിക്കുന്ന എല്ലാ രേഖകളും) നൽകിയിരിക്കുന്ന സ്ഥിതിവിശേഷങ്ങളും വിവരങ്ങളും സത്യമാണെന്നും, ശരിയാണെന്നും, എല്ലാ രീതിയിലും പൂർണ്ണമാണെന്നും, ഒരു വിവരങ്ങളും പിടിച്ചുവച്ചിട്ടില്ല എന്നും ഞാൻ ഇതോടൊപ്പം പ്രഖ്യാപിച്ചുകൊള്ളുന്നു. ഞാൻ നൽകുന്ന വിവരങ്ങൾ ബാങ്കിംഗ് കമ്പനികളെ നിയന്ത്രിക്കുന്ന പ്രവർത്തന മാർഗ്ഗരേഖകളിൻകീഴിൽ ആവശ്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇറ്റ്സ് കാഷ് കാർഡ് ലിമിറ്റഡോ/അല്ലെങ്കിൽ എച്ച്.ഡി.എഫ്.സി. ബാങ്ക് ലിമിറ്റഡോ ("എച്ച്.ഡി.എഫ്.സി. ബാങ്ക്"/ "ബാങ്ക്") അല്ലെങ്കിൽ അതിന്റെ അധികാരപ്പെട്ട ഏജന്റുസികളോ എപ്പോഴാണോ അവർക്ക് ആവശ്യമായിരിക്കുന്നത് അപ്പോൾ പുറമേയുള്ള മറ്റേതൊരു വിവരങ്ങളും/രേഖകളും നൽകാമെന്നും ഞാൻ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഈ അപേക്ഷാ ഫോമിനോടൊപ്പം സമർപ്പിക്കുന്ന രേഖകൾ കലർപ്പില്ലാത്തതും, ഈ അപേക്ഷാ ഫോമിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ഏതെങ്കിലും ആക്ടിനോ, നിയമങ്ങൾക്കോ, നിയമവ്യവസ്ഥകൾക്കോ, അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്രമത്തിനോ നിയമനിർമ്മാണത്തിനോ, അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ അധികാരമോ നിയമാധികാരമോ സമയാസമയം പുറപ്പെടുവിക്കുന്ന ഏതെങ്കിലും വിജ്ഞാപനത്തിനോ എതിരായുള്ളത് അല്ല. ഈ അപേക്ഷാ ഫോമിൽ നൽകിയിരിക്കുന്ന വിവരങ്ങളിലെ ഏതൊരു മാറ്റങ്ങളും, മുംബയ്–400013 ൽ, ലോവർ പരേൽ, സേനാപതി ബാപ്പട്ട്മാർഗ്, കമലാ സിറ്റി, ടൈംസ് ടവറിലെ, മുകളിൽ 14–ാം നിലയിലെ ഇറ്റ്സ് കാഷ് കാർഡ് ലിമിറ്റഡിനെ (എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ ബിസ്സിനസ് കറസ്പോണ്ടന്റ്) കൃത്യമായി അറിയിക്കുമെന്ന് ഞാൻ ഇതോടൊപ്പം സമ്മതിക്കുന്നു, മാത്രമല്ല ഏറ്റെടുക്കുന്ന ഏതെങ്കിലും പ്രവർത്തനങ്ങളാൽ ഉണ്ടാകാവുന്ന ഏതെങ്കിലും തകരാറുകൾക്കോ, ചിലവുകൾക്കോ, നഷ്ടങ്ങൾക്കോ, അതുമല്ലെങ്കിൽ ഞാൻ അറിയിക്കാത്തതോ/അത്തരം മാറ്റങ്ങളെ അറിയിക്കുന്നതിൽ ഞാൻ വരുത്തുന്ന കാലതാമസം കാരണമായോ ഞാൻ നൽകുന്ന വിവരങ്ങളിന്മേൽ അവർ നിർവ്വഹിക്കുന്ന നടപടികൾക്കോ ഇറ്റ്സ് കാഷ് കാർഡോ/ അല്ലെങ്കിൽ എച്ച്.ഡി.എഫ്.സി. ബാങ്കോ ഉത്തരവാദിയല്ലെന്നും അവർക്ക് ബാധ്യതയുണ്ടായിരിക്കില്ലെന്നും ഞാൻ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. ഇന്ത്യൻ റിസർവ്വ് ബാങ്ക് നിശ്ചയിക്കുന്ന പരിധിക്കുള്ളിലും, ഉല്പന്നങ്ങൾക്കോ/സേവനങ്ങൾക്കോവേണ്ടി വെബ്സൈറ്റിൽ കച്ചവടക്കാരാൽ സൂചിപ്പിച്ചിട്ടുള്ള പ്രത്യേകമായ കച്ചവടക്കാരാൽമാത്രം വ്യവഹാരങ്ങൾ ചെയ്യുന്നതിനുവേണ്ടിയും ഞാൻ കാർഡിനെ ഉപയോഗിച്ചുകൊള്ളാമെന്ന് ഇതോടൊപ്പം സമ്മതിച്ചുകൊള്ളുന്നു, മാത്രമല്ല ഏതെങ്കിലും നിയമവിരുദ്ധമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയോ/ പ്രവർത്തനങ്ങൾക്കുവേണ്ടിയോ അതിനെ ഉപയോഗിക്കുകയില്ല എന്നും സമ്മതിച്ചുകൊള്ളുന്നു. ഞാൻ ഈ കാർഡ് ഉപയോഗിച്ചുകൊണ്ട് കുറ്റംചെയ്യാൻ സഹായിക്കുകയോ, ഏതെങ്കിലും നിയമവിരുദ്ധ/കുറ്റകരമായ/കള്ളപ്പണം വെളുപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ഒരു കക്ഷിയാകുകയോ ചെയ്യുകയില്ല. എനിക്ക് എന്തെങ്കിലും കാരണമോ അവലംബമോ നൽകാതെ ആപ്ലിക്കേഷനെ തള്ളിക്കളയുവാനുള്ള അവകാശം ഇറ്റ്സ് കാഷ് കാർഡിലോ/ അല്ലെങ്കിൽ എച്ച്.ഡി.എഫ്.സി. ബാങ്കിലോ നിക്ഷിപ്തമാണെന്ന് ഞാൻ മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. ഞാൻ നൽകുന്ന കെ.വൈ.സി. രേഖകൾ എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ളത് അല്ലാത്തപക്ഷം ഇറ്റ്സ് കാഷ് കാർഡ് ലിമിറ്റഡിനാലോ / അല്ലെങ്കിൽ എച്ച്.ഡി.എഫ്.സി. ബാങ്കിനാലോ ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ ഞാൻ സമ്മതിച്ചുകൊള്ളുന്നു. ഫോട്ടോഗ്രാഫ് ഉൾപ്പെടെ നൽകപ്പെട്ടിരിക്കുന്ന ആപ്ലിക്കേഷൻ ഫോമുകളെയും രേഖകളെയും നിലനിറുത്തുവാനുള്ള അവകാശം എച്ച്.ഡി.എഫ്.സി. ബാങ്കിൽ നിക്ഷിപ്തമാണെന്നും, ആയവ എനിക്ക് തിരികെ ഏല്പിക്കുകയില്ല എന്നും ഞാൻ മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. മറ്റ് ബാങ്കുകളുമായോ/ധനകാര്യസ്ഥാപനങ്ങളുമായോ/ക്രെഡിറ്റ് ദാതാക്കളുമായോ/മറ്റേതെങ്കിലും നിയമപരമോ നിയമവ്യവസ്ഥാ അധികാരവുമായോ ഇറ്റ്സ് കാഷ് കാർഡോ /എച്ച്.ഡി.എഫ്.സി. ബാങ്കോ സംസ്കരിച്ച വിവരങ്ങളോ /ഡേറ്റ/അതോടൊപ്പമുള്ള ഉല്പന്നങ്ങളോ കൈകാര്യം ചെയ്യുന്നതിൽ ഞാൻ ഉത്തരവാദിത്വം വഹിക്കുന്നതല്ല.

ഞാൻ/ഞങ്ങൾ ഇതോടൊപ്പം ബാങ്കിനെ (സ്വന്തമായോ, അതിന്റെ ഏതെങ്കിലും സേവനദാതാക്കളിലൂടെയോ, സ്വയംപ്രവർത്തിതമായ രീതിയിലോ, മറ്റേതെങ്കിലും തരത്തിലോ പ്രവർത്തിക്കുന്നതിനോ) എന്നെ/ഞങ്ങളെ സംബന്ധിക്കുന്ന വ്യക്തിപരമോ തന്ത്രപ്രധാനമോ ആയ ഡേറ്റയെ സംബന്ധിച്ചോ, വിവരങ്ങൾ, രേഖകൾ, കെ.വൈ.സി. യുമായി ബന്ധപ്പെട്ട ഡേറ്റ എന്നിവയെ സംബന്ധിച്ചോ, ഞാനോ/ഞങ്ങളോ ബാങ്കിന് അതിന്റെ ഉദ്ദേശ്യങ്ങൾക്കായി തൃപ്തികരമല്ലെന്ന് തോന്നുന്നതോ ആയ മറ്റ് ഏതെങ്കിലും വിവരങ്ങളെ (മൊത്തത്തിൽ "വിവരങ്ങൾ") സംബന്ധിച്ചോ, ചുവടെ പറയുന്ന ഏതെങ്കിലും ചെയ്യുന്നതിനോ ഏറ്റെടുക്കുന്നതിനോ വ്യക്തമായി സമ്മതിക്കുകയും അധികാരപ്പെടുത്തുകയും ചെയ്യുന്നു.

i) എന്നിൽനിന്നും, മറ്റ് ഭൗതികമോ, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ, വെബ്സൈറ്റുകൾ, ഡേറ്റാബെയ്സുകൾ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ (പബ്ലിക് ആയതോ അല്ലാത്തതോ ആയ) തുടങ്ങിയവ ഉൾപ്പെടെയുള്ള ഓൺലൈൻ വിഭവങ്ങളിൽനിന്നോ വിവരങ്ങൾ ശേഖരിക്കുവാൻ; ഓൺലൈൻ ഡേറ്റാബെയ്സുകൾ ഉൾപ്പെടെ ഏതെങ്കിലും ഉറവിടങ്ങളിൽനിന്നോ വ്യക്തികളിൽനിന്നോ പരിശോധിച്ച വിവരങ്ങളുടെ ആധികാരികത, കൃത്യത, പര്യാപ്തത തുടങ്ങിയവ ലഭ്യമാകാൻ; ഓൺലൈൻ പ്ലാറ്റ്ഫോമുകളിലെ എന്റെ/ഞങ്ങളുടെ ലോഗിനും പാസ്സ്വേഡുകളും ഉപയോഗിക്കുന്നതുൾപ്പെടെയുള്ള വിവരങ്ങളുടെ പരിശോധിക്കലും, ശേഖരിക്കലും, വിവരപ്രവേശനം തുടങ്ങിയ കാര്യങ്ങൾക്ക് എനിക്കോ/ഞങ്ങൾക്കോ വേണ്ടി പ്രവർത്തിക്കുവാൻ; അത്തരം ശേഖരണവും, പ്രവേശനവും, പരിശോധനയും എനിക്കോ/ഞങ്ങൾക്കോ യാതൊരു അറിയിപ്പും കൂടാതെ നടത്തപ്പെടാം.

ii) സംഭരിക്കൽ, വ്യൂസിക്കൽ, സംഘടിപ്പിക്കൽ, പുനരുല്പാദിപ്പിക്കൽ, പകർപ്പെടുക്കൽ, ഉപയോഗിക്കൽ, ആകൃതിപ്പെടുത്തൽ, തുടങ്ങിയവ ഉൾപ്പെടെയുള്ള സംസ്കരിച്ച വിവരങ്ങൾ യോഗ്യമാണെന്ന് ബാങ്കിനാൽ കണക്കാക്കപ്പെടാം.

iii) ഉടമ്പടിയ്ക്കോ, നിയമത്തിനാലോ, ബാങ്കിന്റെ തെളിവുകൾക്കോ ക്ലെയിമുകൾക്കോ ആവശ്യമായ, ഏതാണോ കൂടുതൽ ദൈർഘ്യമേറിയത് അത്രയും ആവശ്യമായ കാലയളവോളം വിവരങ്ങൾ സംഭരിച്ചുവയ്ക്കുക;

iv) സേവനദാതാക്കൾക്ക്, കൺസൽട്ടന്റുമാർക്ക്, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക്, മറ്റ് ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും, അംഗസ്ഥാപനങ്ങൾക്ക്, ഉപവിഭാഗങ്ങൾക്ക്, വ്യവസ്ഥാപകർക്ക്, അന്വേഷണ വകുപ്പുകൾക്ക്, നിയമസ്ഥാപനങ്ങൾക്ക്, അർദ്ധനിയമസ്ഥാപനങ്ങൾ മറ്റ് നിയമാധികാരങ്ങൾക്ക്, അല്ലെങ്കിൽ ഉടമ്പടിയുമായോ നിയമപരമായോ ഉള്ള ആവശ്യങ്ങളുമായി ബന്ധപ്പെട്ട മറ്റ് വ്യക്തികൾക്കോ, അതുമല്ലെങ്കിൽ ബാങ്കിന്റെ ന്യായമായ താല്പര്യങ്ങൾക്കോ, സന്മതത്തിൽ പറയുന്നതിനനുസരിച്ചോ വിവരങ്ങൾ വെളിവാക്കുകയോ പങ്കിടുകയോ ചെയ്യുക.

v) മുകളിൽ പറഞ്ഞിരിക്കുന്ന ഉദ്ദേശ്യങ്ങൾക്കുവേണ്ടി, ക്രെഡിറ്റ് നിശ്ചയിക്കൽ, കബളിപ്പിക്കൽ പരിശോധന, കള്ളപ്പണം വെളുപ്പിക്കുന്നതിനെതിരായ ബാധ്യതകൾ തുടങ്ങിയ ഉദ്ദേശ്യങ്ങൾക്കുവേണ്ടി, ഉടമ്പടിയിൽ പ്രവേശിക്കുന്നതിനുവേണ്ടി, നേരിട്ടുള്ള വിപണനത്തിനുവേണ്ടി, ക്രെഡിറ്റ് സ്കോറിംഗ് മോഡലുകളും ബിസ്സിനസ് കൗശലങ്ങളും സൃഷ്ടിക്കുന്നതിനുവേണ്ടി, മോണിറ്റർ ചെയ്യുന്നതിനുവേണ്ടി, ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരത്തെ മെച്ചപ്പെടുത്തുന്നതിനും മൂല്യനിർണ്ണയം നടത്തുന്നതിനുംവേണ്ടി, മറ്റ് ന്യായമായ ഉദ്ദേശ്യങ്ങൾക്കോ, സന്മതിച്ചിരിക്കുന്ന മറ്റ് ഏതൊരു ഉദ്ദേശ്യങ്ങൾക്കോവേണ്ടി ബാങ്കിന് മുകളിൽ പറഞ്ഞിരിക്കുന്ന ഏത് വേണമോ നടപ്പിലാക്കാം.

ബാങ്കിനാലോ ബാങ്കിനുവേണ്ടിയോ ഉള്ള സ്വയംപ്രവർത്തിത സംസ്കരണത്തിലോ, സ്വയംപ്രവർത്തിത ചിട്ടപ്പെടുത്തലിലോ, സ്വയംപ്രവർത്തിത തീരുമാനമെടുക്കലിലോ എന്നെ/ഞങ്ങളെ വിധേയരാക്കുവാൻ ഞാൻ/ഞങ്ങൾ സ്പഷ്ടമായും സമ്മതിച്ചുകൊള്ളുന്നു.
വിവരങ്ങളെ ഉപയോഗിക്കുന്നതിനും, അല്ലെങ്കിൽ എനിയ്ക്കോ/ഞങ്ങൾക്കോ സമയാസമയം വിവിധ സേവനങ്ങളും ഉല്പന്നങ്ങളും ക്രോസ്–സെല്ലിംഗ് നടത്തുന്നതിനോ ബാങ്കിനോടും/അല്ലെങ്കിൽ അതിന്റെ സഹസ്ഥാപനങ്ങളോടും ഞാൻ/ഞങ്ങൾ സ്പഷ്ടമായും സമ്മതിച്ചുകൊള്ളുന്നു.

ഉപഭോക്താവിന്റെ ഒപ്പ്

ഔട്ട്ലെറ്റിന്റെ ഒപ്പും മുദ്രയും

അറിയിപ്പ്

ശ്രമനമ്പർഃ

സ്വീകരിച്ച തുകഃ

തീയതിഃ

ഔട്ട്ലെറ്റിന്റെ കോഡ്ഃ

ഔട്ട്ലെറ്റിന്റെ ഒപ്പ്/മുദ്ര

ഔട്ട്ലെറ്റിന്റെ പേര്ഃ

സ്ഥാനംഃ

പ്രധാനപ്പെട്ട ഉപാധികളും വ്യവസ്ഥകളും

തങ്ങളുടെ രജിസ്റ്റേഡ് കോർപ്പറേറ്റ് ഓഫീസ് എച്ച്.ഡി.എഫ്.സി. ബാങ്ക്, വൺ ഇൻഡ്യാബുൾസ് സെന്റർ, ടവ്വർ 2ബി, 6–ാം നില, 841, സേനാപതി ബപത് മാർഗ്, ലോവർ പാരൽ (വെസ്റ്റ്), മുംബയ് 400013 ("എച്ച്.ഡി.എഫ്.സി. ബാങ്ക്") വിലാസത്തിൽ ആയിരിക്കുന്നതും, 1956–ലെ കമ്പനി ആക്ടിൻകീഴിൽ ഏകോപിപ്പിക്കപ്പെട്ടതും, 1949–ലെ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ അർത്ഥത്തിനുള്ളിൽ ഒരു ബാങ്ക് എന്ന നിലയിൽ ലൈസൻസ് ചെയ്യപ്പെട്ടതുമായ എച്ച്.ഡി.എഫ്.സി. ബാങ്കിനാൽ ഈ എച്ച്.ഡി.എഫ്.സി. ബാങ്ക് എബിക്സ്കാഷ് പ്രീപെയ്ഡ് കാർഡ് താങ്കൾക്ക് നൽകുന്നു. 1956 ലെ കമ്പനീസ് ആക്ടിൻകീഴിൽ ഏകോപിപ്പിക്കപ്പെടുകയും, മുംബയ്–400013 ൽ ("എബിക്സ്കാഷ്"), ലോവർ പരേലിൽ, സേനാപതി ഭപാത് മാർഗിൽ, കമലാ സിറ്റിയിൽ, ടൈംസ് ടവ്വറിലെ, മുകളിൽ 14–ാം നിലയിൽ രജിസ്റ്റേഡ് ഓഫീസ് ഉള്ളതുമാണ് ഇറ്റ്സ് കാഷ് കാർഡ് ലിമിറ്റഡ് കമ്പനി. എച്ച്.ഡി.എഫ്.സി. ബാങ്കിനാലുള്ള എച്ച്.ഡി.എഫ്.സി. ബാങ്ക് എബിക്സ്കാഷ് പ്രീപെയ്ഡ് കാർഡിനുവേണ്ടി ബിസ്സിനസ് കറസ്പോണ്ടന്റായും പ്രോഗ്രാം മാനേജറായും എബിക്സ്കാഷിനെ നിയമിച്ചിരിക്കുന്നു.

(ഉപാധികളും വ്യവസ്ഥകളും) എബിക്സ്കാഷ് വെബ്സൈറ്റിൽ, പ്രത്യേകിച്ചും www.ebixcash.com–ൽ (ഒരുമിച്ച് ഉപാധികളും വ്യവസ്ഥകളും) പ്രതിപാദിക്കുന്ന ഉപാധികളും വ്യവസ്ഥകളും ഉൾപ്പെടെയുള്ള ഈ ഉപാധികളും വ്യവസ്ഥകളും, അതുമല്ലെങ്കിൽ ഇതോടൊപ്പമുള്ള അനുബന്ധങ്ങൾ, എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്കിനും ഉപഭോക്താവിനും ഇടയിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ എബിക്സ്കാഷിന്റെ/എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ താങ്കൾ കൈവശംവച്ചിരിക്കുന്ന കോ–ബ്രാൻഡ് പ്രീപെയ്ഡ് കാർഡിന്റെ ("കാർഡ്") ഉപയോഗത്തെ നിയന്ത്രിക്കുന്നു. ഉപാധികളെയും വ്യവസ്ഥകളെയും അനുവർത്തിച്ചുകൊള്ളാമെന്ന് കാർഡ് ഉടമസ്ഥൻ ഇതോടൊപ്പം സമ്മതിച്ചുകൊള്ളുന്നു, മാത്രമല്ല കാർഡ് ഉപയോഗിച്ച് ഒരു വ്യവഹാരം നടത്തിയോ, എഴുതി കാർഡ് ലഭിച്ചു എന്ന് അറിയിക്കുകയോ, അതുമല്ലെങ്കിൽ കാർഡിന്റെ പുറകിൽ ഒപ്പുവച്ചോ ഉപാധികളെയും വ്യവസ്ഥകളെയും കാർഡുടമസ്ഥൻ നിരുപാധികം സമ്മതിച്ചുകൊള്ളുന്നു എന്ന് കണക്കാക്കപ്പെടും, കൂടാതെ എല്ലാ ഉപാധികളും വ്യവസ്ഥകളും വായിക്കുകയും മനസ്സിലാക്കുകയും ചെയ്തെന്ന് കണക്കാക്കുകയും ചെയ്യും. കാർഡിന്റെ ഉപയോഗത്തെ നിയന്ത്രിക്കുന്ന ഉചിതമായ സർക്കുലറുകൾ/മാർഗ്ഗരേഖകൾ/വിജ്ഞാപനങ്ങൾ തുടങ്ങിയവയിലെ ഭേദഗതികൾ/മാറ്റങ്ങൾ തുടങ്ങിയവയോട് കാർഡുടമസ്ഥൻ/കാർഡുടമസ്ഥ സ്വയം നവീകരിക്കപ്പെട്ടിരിക്കാൻ ബാധ്യതപ്പെട്ടിരിക്കുന്നു. സമയാസമയം പ്രാബല്യത്തിലുള്ള കാർഡുപയോഗത്തെ നിയന്ത്രിക്കുന്ന ഉചിതമായ വിജ്ഞാപനങ്ങൾ/മാർഗ്ഗരേഖകൾ/സർക്കുലറുകൾ തുടങ്ങിയവയിലേതെങ്കിലും കാർഡുടമസ്ഥനാൽ ലംഘിക്കപ്പെടുന്നതിലുള്ള എല്ലാ ബാധ്യതകളെയും ബാങ്ക് നിരാകരിക്കുന്നു. ഉപാധികളും വ്യവസ്ഥകളും സ്വീകാര്യമല്ലെങ്കിൽ, കാർഡുടമസ്ഥൻ കാർഡ് ഉപയോഗിക്കാൻ പാടില്ല, മാത്രമല്ല ഉടൻതന്നെ കാർഡിനെ എബിക്സ്കാഷിനോ/എച്ച്.ഡി.എഫ്.സി. യ്ക്കോ തിരികെ ഏൽപ്പിക്കണം.

(കാർഡ് അക്കൗണ്ട് വിശദാംശങ്ങളിൽ പ്രവേശനമുണ്ടാകൽ) ലഭ്യമായിട്ടുള്ള മിച്ചതുക ("കാർഡ് ബാലൻസ്") ഉൾപ്പെടെയുള്ള കാർഡിനെ സംബന്ധിക്കുന്ന വിവരങ്ങൾക്ക് www.ebixcash.com–ൽ ശരിയായി ലോഗ്–ഇൻ ചെയ്യുക, അല്ലെങ്കിൽ ഫോൺ നമ്പരിൽ വിളിച്ചോ/അല്ലെങ്കിൽ നിങ്ങളുടെ കാർഡിന്റെ പുറകിൽ രേഖപ്പെടുത്തിയിട്ടുള്ള ഇമെയിൽ വിലാസത്തിൽ എഴുതി ചോദിച്ചോ പ്രവേശനം ഉണ്ടാകാം.

1. ഉപയോഗം, പരിമിതികൾ, സുരക്ഷ

(ഉപയോഗം) സമയാസമയം എച്ച്.ഡി.എഫ്.സി. ബാങ്ക് പുറപ്പെടുവിക്കുന്ന നിയമങ്ങൾക്കും നിയമവ്യവസ്ഥകൾക്കും കാർഡിന്റെ വിതരണവും ഉപയോഗവും ബാധകമായിരിക്കും. വാങ്ങലുകൾ നടത്തുന്നതിനോ, ഇന്ത്യൻ രൂപയിൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനോ കാർഡുടമസ്ഥൻ ഇന്ത്യയിൽമാത്രം കാർഡിനെ ഉപയോഗിക്കാൻ പാടുള്ളൂ.

(കൈമാറ്റം) ഏത് സാഹചര്യത്തിലായാലും കാർഡുടമസ്ഥൻ കാർഡിനെ കൈമാറ്റം ചെയ്യുവാനോ മറ്റാരിലെങ്കിലും ചുമതലപ്പെടുത്താനോ പാടില്ല.

(നഷ്ടപ്പെട്ടതോ മോഷ്ടിക്കപ്പെടുന്നതോ ആയ കാർഡുകൾ) കാർഡോ അതിന്റെ പിന്നോ നഷ്ടപ്പെടുകയോ, മോഷ്ടിക്കപ്പെടുകയോ, ദുർവിനിയോഗം ചെയ്യപ്പെടുകയോ ആണെങ്കിൽ, കാർഡിന്റെ പുറകിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫോൺ നമ്പരിൽ ഉടൻതന്നെ കസ്റ്റമർ സർവ്വീസ് സെന്ററിൽ ("കസ്റ്റമർ സർവ്വീസ് സെന്റർ") ബന്ധപ്പെടുക. പിൻ നമ്പർ താങ്കൾ ഓർമ്മയിൽ വയ്ക്കുകയും പിൻ നമ്പർ രേഖപ്പെടുത്തിയ മെയിലിനെ ഉടൻതന്നെ ഡിലീറ്റ് ചെയ്യുകയും വേണം. റിപ്പോർട്ട് ചെയ്ത് 24 മണിക്കൂറിനുള്ളിൽ കാർഡിനെ തടയുകയും, കാർഡ് നഷ്ടപ്പെട്ടു എന്ന് താങ്കൾ റിപ്പോർട്ട് ചെയ്യുന്നതുമുതൽ താങ്കളുടെ പണത്തെ സംരക്ഷിക്കുന്നത് തുടങ്ങുകയും ചെയ്യും. എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്ക് അതിന്റെ സ്വന്തം ഔചിത്യത്തിലും കാർഡുടമസ്ഥന്റെ ഐഡന്റിറ്റി പരിശോധിച്ചതിനുംശേഷം നിർദ്ദിഷ്ട ഫീസ് കൈമാറിയിട്ട് നഷ്ടപ്പെട്ട കാർഡിന്റെ സ്ഥാനത്ത് പുതിയ കാർഡ് വിതരണം ചെയ്യും.

(നിയമസാധുതകൾ) നിയമപരമായ രീതിയിൽ നിയമപരമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടി മാത്രമേ കാർഡുടമസ്ഥൻ കാർഡിനെ ഉപയോഗിക്കാൻ പാടുള്ളൂ.

(മൂന്നാം കക്ഷിയാലുള്ള ഉപയോഗം) അനധികൃതമായ ഉപയോഗത്തിൽനിന്ന് കാർഡുടമസ്ഥന്റെ താല്പര്യത്തെ സംരക്ഷിക്കാൻ, എപ്പോഴും താങ്കളുടെ വ്യക്തിപരമായ ഉടമസ്ഥതയിൽമാത്രം കാർഡിനെ സൂക്ഷിക്കാൻ താങ്കളെ അറിയിക്കുന്നു.

(ഉത്തരവാദിത്വം) ഗുണനിലവാരം, വില, വാറന്റി, വിതരണതാമസം, വിതരണം നടക്കായ്ക, ഏതെങ്കിലും സാധനത്തിന്റെയോ സേവനത്തിന്റെയോ സ്വീകരിക്കാതിരിക്കൽ തുടങ്ങിയവ ഉൾപ്പെടെ കാർഡുടമസ്ഥൻ സ്വീകരിക്കുന്ന സാധനസേവനങ്ങളെ സംബന്ധിക്കുന്ന ഏതൊരു തർക്കങ്ങൾക്കും യാതൊരു തരത്തിലും ബാങ്കോ എബിക്സ്കാഷോ ഉത്തരവാദിയായിരിക്കുന്നതല്ല. കച്ചവടക്കാർക്ക് പണം നൽകുവാനുള്ള സൗകര്യം മാത്രമാണ് കാർഡ് നൽകുന്നതെന്നും, ബാങ്ക് യാതൊരു വാറന്റിയും വഹിക്കുന്നില്ല എന്നും, അതുമല്ലെങ്കിൽ ഗുണനിലവാരം, വില, വിതരണം, അതുമല്ലെങ്കിൽ സാധനസേവനങ്ങളുമായോ മറ്റെന്തെങ്കിലും പ്രാതിനിധ്യം നടത്തുന്നില്ല എന്നും, അത്തരത്തിലുള്ള എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ, കച്ചവടക്കാരനുമായി കാർഡുടമസ്ഥൻ നേരിട്ട് പരിഹാരം കാണണമെന്നും വ്യക്തമായും മനസ്സിലാക്കേണ്ടതാണ്.

(കാർഡ് ബാലൻസിലെ മാറ്റങ്ങൾ) വ്യവഹാരം നടത്തപ്പെടാതെ തിരിച്ചുപോകുകയാണെങ്കിൽ ഉപഭോക്താവിന് കാർഡ് അക്കൗണ്ടിൽ ക്രെഡിറ്റിന് അർഹതയുണ്ടായിരിക്കാം, എന്നാൽ കാർഡുടമസ്ഥന് യാതൊരു കാഷും റീഫണ്ട് ചെയ്യപ്പെടുകയില്ല. ബന്ധപ്പെട്ട കച്ചവടക്കാരൻ പണം റീഫണ്ട് ചെയ്യുമ്പോൾ ചുമത്തുന്ന ബാധകമായ ചാർജ്ജുകൾ എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്ക് വസൂലാക്കും.

(വ്യവഹാര പരിധി) വില്പനയുടെ കാര്യത്തിൽ എബിക്സ്കാഷ്, എച്ച്.ഡി.എഫ്.സി. ബാങ്കും/അല്ലെങ്കിൽ കച്ചവടക്കാരൻ ഒരിക്കൽ ക്രമീകരിച്ചിരിക്കുന്ന കാലയളവിൽ ("വ്യവഹാര പരിധി") തുകയുടെ കാര്യത്തിലോ കാർഡിലൂടെ അനുവദിച്ചിരിക്കുന്ന വ്യവഹാരങ്ങളുടെ എണ്ണത്തിലോ പരിധിവയ്ക്കാം. എപ്പോൾ വേണമെങ്കിലും, എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്ക് എന്ത് കാരണമായാലും വ്യവഹാര പരിധിയെ ഭേദഗതിചെയ്യാം. ഈ മാറ്റങ്ങളെ കാർഡുടമസ്ഥന് Ebixcash.com–ൽ ഓൺലൈനായി കാണുവാനാകും, അല്ലെങ്കിൽ കസ്റ്റമർ സർവ്വീസ് സെന്ററിൽ വിളിച്ച് അറിയാം. ബാധകമായ നിയമത്തിന് അനുസരിച്ച് കാർഡുടമസ്ഥനെ അറിയിക്കും.

2. കാലാവധികഴിയൽ, റദ്ദാക്കൽ, അവസാനിപ്പിക്കൽ

വിതരണം ചെയ്യുന്നതിന്റെ അന്നുമുതൽ അഞ്ച് വർഷ (5) കാലയളവാണ് നിങ്ങൾക്ക് നൽകുന്ന കാർഡിന്റെ സാധുത. കാർഡിൽ സൂചിപ്പിച്ചിട്ടുള്ള കാലാവധി പൂർത്തിയാകുമ്പോൾ കാർഡിന്റെ സാധുത അവസാനിക്കും. എബിക്സ്കാഷോ/എച്ച്.ഡി.എഫ്.സി. ബാങ്കോ ചുവടെ പറയുന്ന കാരണങ്ങളാൽ കാർഡിന്റെ ഉപയോഗത്തെ അടിയന്തിരമായി റദ്ദുചെയ്യുകയോ, താൽക്കാലികമായി പ്രവർത്തനരഹിതമാക്കുകയോ ചെയ്യാം. (i) കാർഡിന്റെ നഷ്ടത്തെപ്പറ്റി കാർഡുടമസ്ഥൻ അറിയിക്കുന്നപക്ഷം. (ii) 90 ദിവസത്തോളം തുടർച്ചയായി കാർഡ് ഉപയോഗിക്കാതിരിക്കുകയാണെങ്കിൽ. (iii) 90 ദിവസത്തോളം കാർഡിൽ ബാലൻസ് ഇല്ലായെങ്കിൽ. (iv) ഉപാധികളുടെയോ വ്യവസ്ഥകളുടെയോ എന്തെങ്കിലും ലംഘനം കാർഡുടമസ്ഥനാൽ ഉണ്ടാകുകയാണെങ്കിൽ. (v) കാർഡിനെ താൽക്കാലികമായി മരവിപ്പിക്കുന്നതിനോ റദ്ദുചെയ്യുന്നതിനോ കോർപ്പറേറ്റിൽനിന്ന് പ്രത്യേകമായ അഭ്യർത്ഥന ഉണ്ടാകുന്നപക്ഷം, അല്ലെങ്കിൽ (vi) നിയമമോ നിയമവ്യവസ്ഥയോ ചുമത്തുന്ന നിയന്ത്രണങ്ങളിൽ പരിമിതപ്പെടുത്തപ്പെടാതെ, തങ്ങളുടെ യുക്തിപരമായ നിയന്ത്രണങ്ങൾക്കും അതീതമായ കാരണങ്ങൾക്കുവേണ്ടി കാർഡുമായി ബന്ധപ്പെട്ട് എബിക്സ്കാഷോ/എച്ച്.ഡി.എഫ്.സി. ബാങ്കോ പണംകൊടുക്കലിന് കഴിവില്ലാതാകുകയോ, പണം കൊടുക്കൽ തടയപ്പെടുകയോ ചെയ്യപ്പെടുകയാണെങ്കിൽ.

3. കാർഡ് ബാലൻസ്

(കാർഡ് ബാലൻസ്) കാർഡിന്റെ ഉചിതവും ശരിയായതുമായ ഉപയോഗത്തിലൂടെ ഈ ഉപാധികൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി കാർഡുടമസ്ഥൻ കാർഡ് ബാലൻസ് ഉപയോഗിക്കാം. കാർഡുടമസ്ഥന് ഒരു പലിശയും നൽകാവുന്നതല്ല. വ്യവഹാരം ആദരിക്കപ്പെടുകയില്ല എന്നതൊഴികെയുള്ള ബാധകമായ ചാർജ്ജുകൾ ഉൾപ്പെടെ ലഭ്യമായ സേവനങ്ങളുടെയോ വാങ്ങലിന്റെയോ ആവശ്യമായ തുക വ്യവഹാരം നടത്താൻ കാർഡുടമസ്ഥനെ ഉപദേശിക്കുന്നു.

(അവ്യവസ്ഥകൾ) ഒരു കച്ചവട സ്ഥാപനത്തിൽ വ്യവഹാര വിശദാംശങ്ങളിൽ നിലകൊള്ളുന്ന ഏതെങ്കിലും തരത്തിലുള്ള അവ്യവസ്ഥകളെയും വൈരുദ്ധ്യങ്ങളെയും കുറിച്ച് സംസ്കരിക്കപ്പെട്ട വ്യവഹാരത്തിന് 07 ദിവസങ്ങൾക്കുള്ളിൽ എബിക്സ്കാഷിനെ കാർഡുടമസ്ഥൻ അറിയിക്കും. വ്യവഹാരത്തിന്റെ തിരുത്തൽ എബിക്സ്കാഷ് കൈക്കൊള്ളും.

4. ഫീസുകളും ആപ്ലിക്കേഷൻ നികുതികളും

എബിക്സ്കാഷിലേക്ക്/എച്ച്.ഡി.എഫ്.സി. ബാങ്കിലേക്ക് എല്ലാ ചാർജ്ജുകളും ഫീസുകളും കാർഡ് ബാലൻസിൽനിന്ന് എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്ക് കുറവുചെയ്യും.

5.എബിക്സ്കാഷിന്റെ/എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ

ഏതൊരു സമയത്തും കഫർഡിൽ കിടക്കുന്ന തുകയുടെ പരിധിയോളം എബിക്സ്കാഷിന്റെ/എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ ബാധ്യത നിയന്ത്രിക്കപ്പെടുന്നു.

6. ഡേറ്റാ സംരക്ഷണം

കാർഡിനെ നിർവ്വഹിക്കുന്നതിനും, കാർഡുമായോ അതിന്റെ ഉപയോഗവുമായോ കാർഡുഹോൾഡറിന് ഉണ്ടായിരിക്കുന്ന അന്വേഷണങ്ങളെ കൈകാര്യം ചെയ്യുന്നതിനും ഉപഭോക്തൃനിർദ്ദേശങ്ങൾക്കനുസരിച്ച് കാർഡ് നൽകുന്നതിനുവേണ്ടി കാർഡുടമസ്ഥന്റെ വ്യക്തിപരമായ ഡേറ്റയെ സ്ഥിതിവിവരക്കണക്കുമായി ബന്ധപ്പെട്ട ഉപയോഗത്തിനും, നിയമാനുസൃത റിപ്പോർട്ടിംഗിനായും, കബളിപ്പിക്കൽ തടയുന്നതിനുമായി എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്ക് സംസ്കരിക്കും.

എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്ക് ആത്മവിശ്വാസത്തോടും, ബാധകമായ ബാങ്കിന്റെ രഹസ്യ നിയമങ്ങൾക്കും ഡേറ്റാ സംരക്ഷണത്തിൻകീഴിലും അനുവദിക്കപ്പെട്ടിരിക്കുന്ന പരിധിയ്ക്ക് മാത്രമായും കാർഡുടമസ്ഥവിവരങ്ങൾ മറ്റ് കമ്പനികളുമായും, ആപ്ലിക്കേഷൻ സംസ്കരണം, കബളിപ്പിക്കൽ നിരീക്ഷണം, ഉപഭോക്തൃസേവനം, കാർഡ് സംരക്ഷണം, സാങ്കേതിക സംസ്കരണ സേവനങ്ങൾ തുടങ്ങിയവ നൽകുന്ന മൂന്നാം കക്ഷികളുമായും, അവരുടെ ഓരോ ഏജന്റുമാർക്കും ഉപ ഉടമ്പടിക്കാർക്കും കാർഡുടമസ്ഥനെപ്പറ്റിയും അയാളുടെ കാർഡിനെപ്പറ്റിയുമുള്ള വിവരങ്ങൾ നൽകും.

എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്ക് കാർഡുടമസ്ഥന്റെ വ്യക്തിപരമായ ഡേറ്റ ഇനി പറയുന്നവർക്ക് വെളിവാക്കാംഃ (i) ഉപഭോക്താവ്, (ii) തെറ്റായതും കൃത്യമല്ലാത്തതുമായ വിവരം നൽകപ്പെടുകയും കബളിപ്പിക്കൽ സന്ദേഹപ്പെടുകയും ചെയ്യുകയാണെങ്കിൽ കബളിപ്പിൽ സംരക്ഷണ ഏജൻസികൾക്ക് (iii) നിയമപര/നിയമവ്യവസ്ഥാ അധികാരികൾക്ക്, നിയമനടത്തിപ്പുകാർക്ക്, അല്ലെങ്കിൽ ഉയർന്ന ഗുണനിലവാരത്തിലുള്ള സേവനം കാഴ്ചവയ്ക്കുന്നതിനും സുരക്ഷയ്ക്കുവേണ്ടിയും നിലകൊള്ളുന്ന കബളിപ്പിക്കൽ സംരക്ഷണ ഏജന്റുമാർക്കോ/ടെലിഫോൺ കോളുകൾ നിരീക്ഷിക്കുന്നവർക്കോ, ഡേറ്റാ ശേഖരണത്തിനോ പരിശീലന ഉദ്ദേശ്യങ്ങൾക്കുവേണ്ടിയോ, അല്ലെങ്കിൽ ബാധകമായ നിയമം ആവശ്യപ്പെടുമ്പോഴോ. എല്ലാ രേഖപ്പെടുത്തലുകളും എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്കിന് ബന്ധപ്പെട്ടിരിക്കുന്നു. എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്കിനാലും, മുകളിൽ സൂചിപ്പിച്ച മറ്റ് സ്വീകർത്താക്കളാലും മുകളിൽ ക്രമീകരിച്ചിരിക്കുന്ന ഉദ്ദേശ്യങ്ങൾക്കുവേണ്ടി വ്യക്തിപരമായ ഡേറ്റ (കൈമാറ്റം ഉൾപ്പെടെ) സംസ്കരിക്കുന്നതിനെ കാർഡുടമസ്ഥൻ സമ്മതിച്ചുകൊള്ളുന്നു.

7. പലവക

(ഭേദഗതികൾ) എപ്പോൾ വേണമെങ്കിലും ബാധകമായ നിയമത്തിന് വിധേയമായി ഉപഭോക്താവിനെ അറിയിക്കാതെതന്നെ എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്ക് ഏതെങ്കിലും നിയമവ്യവസ്ഥ മാറ്റുകയോ ഡിലീറ്റ് ചെയ്യുകയോ, ഏതൊരു ചാർജ്ജുകളും കൂട്ടിച്ചേർക്കുകയോ മാറ്റുകയോ (വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ഉൾപ്പെടെ) ചെയ്യാം. ംം.ലയശഃരമവെ.രീാ–ൽ അവ ഓൺലൈനായി ലഭ്യമായി 24 മണിക്കൂർ കഴിയുമ്പോൾ കാർഡുടമസ്ഥൻ മാറ്റങ്ങളെ കണ്ടതായും സ്വീകരിച്ചതായും കണക്കാക്കപ്പെടും. ഏതൊരു വ്യവസ്ഥയേയും ഭേദഗതി ചെയ്യുന്നതിനുള്ള അവകാശം എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്കിൽ നിക്ഷിപ്തമായിരിക്കും.

(നിയന്ത്രണ നിയമം) ഈ ഉപാധികളും വ്യവസ്ഥകളും ഇതോടൊപ്പം ഉണ്ടാകിനിടയുള്ള എല്ലാ വിഷയങ്ങളും ഇന്ത്യൻ നിയമത്തിൻകീഴിൽ നിയന്ത്രിക്കപ്പെടും, മാത്രമല്ല കാർഡുടമസ്ഥനും എബിക്സ്കാഷ്/എച്ച്.ഡി.എഫ്.സി. ബാങ്കും മുംബയ് കോടതിയുടെ വ്യതിരിക്തമായ ന്യായാധികാരത്തിന് സമർപ്പിക്കുകയും ചെയ്യും.

8. ഹെൽപ്പ് റെലൻ

ഞങ്ങളുടെ കസ്റ്റമർ കെയർ നമ്പരായ 76661555220 –ൽ വിളിക്കുകയോ, അല്ലെങ്കിൽ care@ebixcash.com –ൽ ഞങ്ങൾക്ക് ഇ–മെയിൽ ചെയ്യുകയോ, ഇറ്റ്സ് കാഷ്കാർഡ് ലിമിറ്റഡ്, മുകളിൽ 14–ാം നില, ടൈംസ് ടവ്വർ, കമലാ സിറ്റി, സേനാപതി ബാപ്പട്ട് മാർഗ്, ലോവർ പരേൽ, മുംബയ് – 400013 എന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുകയോ ചെയ്യുക.